**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3499** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ രംഗത്തെ നൂതന സാധ്യതകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് കാലത്ത് വ്യാപകമായ ഓൺലൈൻ വിദ്യാഭ്യാസ രീതി ഉന്നത വിദ്യാഭ്യാസരംഗത്ത് തുടർന്നും പ്രയോജനപ്പെടുത്തി യൂണിവേഴ്സിറ്റികളിൽ പുതിയ കോഴ്സുകളും നിലവിലുള്ള ഡിഗ്രി, പിജി കോഴ്സുകളും ഓൺലൈനായി ആരംഭിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് "Let's go digital" എന്ന ക്യാമ്പയിന് സർക്കാർ തുടക്കം കുറിച്ചു. കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെൻറ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെൻറ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാ ശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. |
| (ബി) | വിദ്യാർത്ഥികളുടെ ജോലിയോടൊപ്പം പഠനം മുന്നോട്ടു കൊണ്ടുപോവുക എന്ന ആഗ്രഹം സാധ്യമാക്കുന്നതിന് ഓൺലൈൻ വിദ്യാഭ്യാസം ഏതൊക്കെ രീതിയിലാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലിയും എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിൽവകുപ്പുമായി ചേർന്ന് "EARN WHILE YOU LEARN" എന്ന പദ്ധതി കേരളത്തിലെ സർക്കാർ കോളേജുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോളേജിലെ റെഗുലർ പ്രവർത്തി സമയത്തിന് ശേഷമുള്ള സമയമാണ് ജോലി ചെയ്യുന്നതിനുള്ള സമയമായി കണ്ടെത്തിയിരിക്കുന്നത്. ആദ്യ ഘട്ടമായി കോളേജ്, ഹോസ്റ്റൽ ക്യാംപസിനകത്തെ വർക്കുകൾ താല്പര്യമുള്ള കുട്ടികൾക്ക് നൽകുകയും തൊഴിൽ വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തുക നൽകുകയും ചെയ്യും. കൂടാതെ തൊഴിൽ വകുപ്പിന്റെ സഹായത്തോടെ തൊഴിൽ നല്കാൻ കഴിയുന്നവരെ കണ്ടെത്തുകയും കുട്ടികൾക്ക് പാർട്ട് ടൈം ജോലി നൽകത്തക്കവിധത്തിലുള്ള പദ്ധതി കൾ ആസൂത്രണം ചെയ്തു വരുന്നു. ഓൺലൈനായി |

| | | | |
|---|---|---|---|
| | | | ചെയ്യാൻ കഴിയുന്ന തൊഴിലുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | വിവിധ ഡിഗ്രി, പിജി കോഴ്സുകളുടെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളുന്ന വീഡിയോകൾ ഉൾപ്പെടുന്ന മൊബൈൽ ആപ്പുകൾ രൂപീകരിക്കുവാൻ യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം നൽകുമോ; വെളിപ്പെടുത്തുമോ? | (സി) | പഠനസാമഗ്രികളുടെ സംഭരണി (Repository of Online Learning Materials):- സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി/പി.ജി പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിൻെറ വെബ്പോർട്ടലിൽ "ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകർ തയ്യാറാക്കുന്ന ബൃഹത്തായ സംഭരണിയിൽ നിന്നും വിദ്യാർത്ഥികൾക്ക് ഇഷ്ടാനുസരണം വളരെ ലളിതമായി പഠനസാമഗ്രികൾ തെരഞ്ഞെടുക്കാവുന്നതാണ്. നിരന്തരം അപ്ഡേറ്റ് ചെയ്യപ്പെടുന്നതും ദിനംപ്രതി വികാസം നേടുന്നതുമായ ഈ സംഭരണിയിൽ, ഇതിനോടകം, 130 ൽപ്പരം അദ്ധ്യാപകർ തയ്യാറാക്കിയ വിവിധ യു.ജി./പി.ജി പ്രോഗ്രാമുകളുടെ 2000 ലധികം pdf, word, audio, video, ppt, e-content കൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവയിൽ ഒട്ടുമിക്ക e-content കളും You Tube ചാനലിലേക്ക് കണക്ട് ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ